5085
9/3/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - നിലമ്പൂർ ഡിവിഷനിലെ വഴിക്കടവ് റെയിഞ്ചിൽ ഉൾപ്പെട്ട നെല്ലിക്കുത്ത് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കാട്ടിമറ്റം ഭാഗത്ത് നടന്ന അനധികൃത കൈയ്യേറ്റവും മരംമുറിയുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി - സർവ്വശ്രീ. നസീർ പനോലൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) , പി. കെ. രാമചന്ദ്രൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

**സ.ഉ.(സാധാ) നം./76/2018/വനം** തീയതി,തിരുവനന്തപുരം, 14/02/2018

പരാമർശം:- 1) 20.10.2004 ലെ സ.ഉ.(സാധാ)നം.437/2004/വനം നമ്പർ ഉത്തരവ്.

2) 31.08.2005 ലെ സ.ഉ.(സാധാ) നം485/2005/വനം നമ്പർ ഉത്തരവ്.

3) 28.08.2014 ലെ സ.ഉ.(സാധാ) നം.402/2014/വനം നമ്പർ ഉത്തരവ്.

4) 07/10/2017 തീയതിയിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ B5-9393/04 നം കത്ത് .

**<u>ഉത്തരവ്</u>**

നിലമ്പൂർ ഡിവിഷനിലെ വഴിക്കടവ് റെയിഞ്ചിൽ ഉൾപ്പെട്ട നെല്ലിക്കുത്ത് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കാട്ടിമറ്റം ഭാഗത്ത് നടന്ന അനധികൃത കൈയ്യേറ്റവും മരംമുറിയുമായി ബന്ധപ്പെട്ട് സർവ്വശ്രീ.നസീർ പനോലൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) , പി.കെ.രാമചന്ദ്രൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, എന്നിവരെ പരാമർശം (1 ) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പരാമർശം (2) പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു.

2. സർവ്വശ്രീ. നസീർ പനോലൻ, പി.കെ. രാമചന്ദ്രൻ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി പരാമർശം (3) പ്രകാരം തീർപ്പാക്കിയിരുന്നു.ടിയാന്മാരുടെ സസ്പെൻഷൻ കാലം കെ.എസ്.ആർ.ഭാഗം 1 ചട്ടം 56 (ബി) പ്രകാരം ക്രമീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.നസീർ പനോലനെതിരായ അച്ചടക്ക നടപടി പെൻഷനിൽ നിന്നും സ്ഥിരമായി 100/- രൂപ തടയുക എന്ന കഠിന ശിക്ഷ നൽകി തീർപ്പാക്കിയതിനാൽ സസ്പെൻഷൻ കാലയളവിലെ ശമ്പളവും അലവൻസും ടിയാൻ കൈപ്പറ്റിയ ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി, 20.10.2004 മുതൽ 30.08.2005 വരെയുള്ള സസ്പെൻഷൻ കാലയളവ് പെൻഷനു മാത്രം ഡ്യൂട്ടിയായും, ശ്രീ.പി.കെ.രാമചന്ദ്രനെതിരായ അച്ചടക്ക നടപടി ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുക എന്ന ലഘു ശിക്ഷ നൽകി തീർപ്പാക്കിയതിനാൽ ടിയാന്റെ 20.10.2004 മുതൽ 30.08.2005 വരെയുള്ള സസ്പെൻഷൻ കാലയളവ് ഉപജീവനബത്ത കുറച്ചുള്ള ശമ്പളവും അലവൻസും ഉൾപ്പെടെ എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായും മേൽ ജീവനക്കാരുടെ 31.08.2005 മുതൽ സർവ്വീസിൽ പ്രവേശിച്ചതു വരെയുള്ള ഇടവേള കെ.എസ്.ആർ ഭാഗം ഒന്ന് ചട്ടം 56 ബി (9)-ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ, അർഹതപ്പെട്ട അവധിയായോ, ഇവ രണ്ടുമായോ കണക്കാക്കി ക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
**ജോയിൻറ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ. നസീർ പനോലൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)
പി.കെ.രാമചന്ദ്രൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ,
[അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന]
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ